# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം:2644** **12.03.2018-ൽ മറുപടിക്ക്**

## സ്കൂൾ ഹാർഡ് വെയർ ക്ലിനിക്ക് പദ്ധതി

| ചോദ്യം | | | **ഉത്തരം** |
|---|---|---|---|
| | **ശ്രീ. അനൂപ് ജേക്കബ്** | | പ്രൊഫ: സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| എ) | സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിലെ കേടായ കമ്പ്യൂട്ടർ ഉപകരണങ്ങൾ പ്രവർത്തന സജ്ജമാക്കുന്നതിനുള്ള സ്കൂൾ ഹാർഡ് വെയർ ക്ലിനിക്ക് പദ്ധതിയുടെ പ്രവർത്തനം സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ; | എ) | ഉണ്ട്. |
| ബി) | ഉണ്ടെങ്കിൽ മാർഗ്ഗനിർദ്ദേശങ്ങൾ സംബന്ധിച്ച വിശദാംശം അറിയിക്കുമോ; | ബി) | സംസ്ഥാനത്തെ വിദ്യാലയങ്ങളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലുമുള്ള കമ്പ്യൂട്ടർ ഹാർഡ് വെയർ ഉപകരണങ്ങളുടെ കേടുപാടുകൾ പരിഹരിക്കുന്നതിനായി പ്രത്യേക ഹാർഡ് വെയർ ക്ലിനിക്കുകൾ ആരംഭിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ **15.11.2017** ലെ സ.ഉ.(സാധാ) നം.**4390/17/**പൊ.വി.വ. പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| സി) | ഇതിനായി ചുമതല നൽകിയിട്ടുള്ളത് ഏത് ഏജൻസിയ്ക്കാണെന്നും പ്രസ്തുത ഏജൻസിയുടെ ചുമതലകൾ എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ? | സി) | സംസ്ഥാന പൊതുമേഖലാ സ്ഥാപനമായ കെൽട്രോണിനെയാണ് ഈ ചുമതല ഏൽപ്പിച്ചിരിക്കുന്നത്. വിദ്യാഭ്യാസ ജില്ലാതലത്തിൽ കേരള ഇൻഫ്രാസ്ട്രക്ചർ ആൻറ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്) തെരഞ്ഞെടുക്കുന്ന കേന്ദ്രങ്ങളിലേയ്ക്ക് സ്കൂളുകൾ കൊണ്ടെത്തിക്കുന്ന കേടായ കമ്പ്യൂട്ടറുകളുടെ പ്രവർത്തനക്ഷമമായ ഭാഗങ്ങൾ പരസ്പരം മാറ്റിയോജിപ്പിച്ച് കേടുപാടുകൾ പരിഹരിക്കുകയും ഇങ്ങനെ പ്രവർത്തനക്ഷമമാക്കാൻ കഴിയാത്തതും ഇ-മാലിന്യമാക്കി മാറ്റാൻ കഴിയാത്തതുമായ കമ്പ്യൂട്ടറുകളുടെ നിശ്ചിത ഹാർഡ് വെയർ ഭാഗങ്ങൾ പുതുതായി സ്ഥാപിച്ച് പ്രവർത്തനക്ഷമമാക്കുകയാണ് ഹാർഡ് വെയർ ക്ലിനിക്ക് നടത്തുന്ന ഏജൻസിയുടെ ചുമതല. |

സെക്ഷൻ ഓഫീസർ

അനുബന്ധം

**കേരള സർക്കാർ**

**സംഗ്രഹം**

പൊതു വിദ്യാഭ്യാസ വകുപ്പ് - കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്) - സംസ്ഥാനത്തെ വിദ്യാലയങ്ങളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലുമുള്ള കമ്പ്യൂട്ടർ ഹാർഡ്‌വെയർ ഉപകരണങ്ങളുടെ കേടുപാടുകൾ പരിഹരിക്കുന്നതിനായി പ്രത്യേക ഹാർഡ്‌വെയർ ക്ലിനിക്കുകൾ ആരംഭിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പൊതു വിദ്യാഭ്യാസ (ഡി) വകുപ്പ്**

**സ.ഉ.(സാധാ)നം.4390/17/പൊ.വി.വ** തീയതി, തിരുവനന്തപുരം, 15.11.17

പരാമർശം:- 1) സ.ഉ.(സാധാ)നം.1963/17/പൊ.വി.വ. തീയതി 20.06.2017.
2) 30.10.2017 ലെ ടെക്നിക്കൽ കമ്മിറ്റി യോഗത്തിന്റെ മിനിറ്റ്സ്.
3) കൈറ്റ് വൈസ് ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടറുടെ 04.11.2017 ലെ KITE/2017/1418(11) നം. കത്ത്.

**ഉത്തരവ്**

സംസ്ഥാനത്തെ വിദ്യാലയങ്ങളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലുമുള്ള ഇ-മാലിന്യങ്ങൾ നിർമ്മാർജനം ചെയ്യുന്നതിന് പൊതു മാനദണ്ഡം ബാധകമാക്കി പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഇതിന്റെ തുടർച്ചയായി വിദ്യാലയങ്ങളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും പ്രവർത്തനക്ഷമമല്ലാത്ത കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും പ്രവർത്തനക്ഷമമാക്കുന്നതിന് കെൽട്രോൺ സമർപ്പിച്ച പ്രൊപ്പോസലും നടത്തിപ്പിനുള്ള മാർഗനിർദ്ദേശങ്ങളും പരാമർശം (2) പ്രകാരം നടന്ന ടെക്നിക്കൽ കമ്മിറ്റി അംഗീകരിച്ചതായി പരാമർശം (3) ലെ കത്ത് മുഖാന്തിരം വൈസ് ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടർ, കൈറ്റ് അറിയിച്ചതോടൊപ്പം ഇതിനനുസൃതമായി ഹാർഡ്‌വെയർ ക്ലിനിക്കുകൾ നടത്താൻ അനുമതി നൽകണമെന്നും അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഈ വിഷയം പരിശോധിച്ചു. ചുവടെ പറയുന്ന മാർഗ്ഗനിർദ്ദേശങ്ങളിന്മേൽ കെൽട്രോണുമായി ചേർന്ന് ഹാർഡ്‌വെയർ ക്ലിനിക്കുകൾ ആരംഭിക്കുന്നതിന് കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷനെ (കൈറ്റ്) ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇതിനാവശ്യമായ തുക കൈറ്റിന്റെ നിലവിലുള്ള ഫണ്ടിൽ നിന്നും വിനിയോഗിക്കേണ്ടതാണ്.

**മാർഗ്ഗനിർദ്ദേശങ്ങൾ**

1. പരാമർശം (1) ലെ സർക്കാർ ഉത്തരവനുസരിച്ച് സ്കൂളുകളിലെയും വിദ്യാഭ്യാസ സ്ഥാപനങ്ങളിലെയും ഇ-മാലിന്യ നിർമാർജനം (ഒന്നാം ഘട്ടം) പൂർത്തിയാക്കിയ ശേഷം പ്രവർത്തനക്ഷമമല്ലാത്ത ലാപ്‌ടോപ്പുകളും ഡെസ്ക്ടോപ്പുകളും ഹാർഡ്‌വെയർ ക്ലിനിക്കിൽ എത്തിക്കേണ്ടതാണ്.

2. സ്കൂളുകളിൽ നിന്നും ഹാർഡ്‌വെയർ ക്ലിനിക്കുകളിലെത്തിക്കുന്ന ലാപ്‌ടോപ്പ്/ ഡെസ്ക്ടോപ്പ് ഒരേ സ്കൂളിൽ നിന്നുള്ളതോ അല്ലെങ്കിൽ വ്യത്യസ്ത സ്കൂളുകളിൽ നിന്നുള്ളതോ ആയ ഉപകരണങ്ങളുടെ പ്രവർത്തനക്ഷമമായ ഭാഗങ്ങൾ പരസ്പരം മാറ്റി (Swapping) ഉപയോഗിക്കാൻ കഴിയുന്ന പ്രവർത്തനമാണ് ഹാർഡ്‌വെയർ ക്ലിനിക്കിൽ ആദ്യം നടത്തേണ്ടത്. ഇപ്രകാരം Swapping നടത്തുന്ന ഉപകരണങ്ങളുടേയും ഭാഗങ്ങളുടേയും വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന റിപ്പോർട്ട് പ്രത്യേകം തയ്യാറാക്കേണ്ടതാണ്.

3. സ്കൂളുകൾ ഹാർഡ്‌വെയർ ക്ലിനിക്കിലേക്ക് ഉപകരണങ്ങൾ കൊണ്ടു പോകുമ്പോഴും ക്ലിനിക്കിൽ നിന്നും തിരിച്ച് കൊണ്ടുവരുമ്പോഴും വിവരം സ്റ്റോക്ക് രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്.

4. ഹാർഡ്‌വെയർ ക്ലിനിക്കിൽ യാതൊരുവിധത്തിലും പ്രവർത്തനക്ഷമമാക്കാൻ കഴിയാത്ത ഉപകരണങ്ങൾ ക്ലിനിക്കിൽവെച്ച് തന്നെ ഇ-മാലിന്യമായി രേഖപ്പെടുത്താവുന്നതും സർക്കാർ ഉത്തരവനുസരിച്ച് ഇതിന്റെ നിർമാർജനം നടത്താവുന്നതുമാണ്. ഇപ്രകാരം സ്കൂളിൽ നിന്നെടുത്ത ഉപകരണം ഇ-മാലിന്യമായി മാറ്റുമ്പോൾ 'കൈറ്റ് സർട്ടിഫിക്കറ്റ്' നൽകേണ്ടതും പ്രസ്തുത സർട്ടിഫിക്കറ്റ് സ്കൂൾ സ്റ്റോക്ക് രജിസ്റ്ററിൽ സൂക്ഷിക്കേണ്ടതുമാണ്.

5. മൾട്ടിമീഡിയാ പ്രൊജക്റ്ററുകളുടെ കാര്യത്തിൽ അവയുടെ കേടായ ഭാഗങ്ങൾ (ബൾബ്, പ്രോസസർ) മാറ്റി പുതിയത് സ്ഥാപിക്കുന്നത് വളരെ ചെലവേറിയതായതിനാൽ അതിന്റെ ആവശ്യമില്ല. എന്നാൽ പ്രൊജക്റ്ററുകൾ തകരാറുള്ളവയാണെങ്കിൽ അത് സ്റ്റോക്ക് രജിസ്റ്ററിൽ നിന്നും നീക്കം ചെയ്യാണ് (പരാമർശം (1) ലെ സർക്കാർ ഉത്തരവിൽ ഇ-മാലിന്യ നിർമാർജനത്തിന് പരാമർശിച്ച ക്രമത്തിൽ) ക്ലിനിക്കിലേക്കെത്തിക്കേണ്ടത്. ഇത്തരം പ്രൊജക്റ്ററുകൾ പിന്നീട് സ്കൂളുകളിലേക്ക് തിരിച്ച് കൊണ്ടുപോകേണ്ടതില്ല.

6. ഇപ്രകാരം വിവിധ സ്കൂളുകളിൽ നിന്നും ക്ലിനിക്കിലെത്തുന്ന കേടായ പ്രൊജക്റ്ററുകളുടെ ഉപയോഗയോഗ്യമായ ഭാഗങ്ങൾ എടുത്ത് Swapping രീതിയിൽ അവ കഴിയുന്നത്ര പ്രവർത്തനക്ഷമമാക്കേണ്ടതും ബാക്കിയുള്ളവ ഇ-മാലിന്യമാക്കി മാറ്റേണ്ടതുമാണ്.

7. ക്ലിനിക്കിൽ നന്നാക്കിയെടുക്കുന്ന പ്രൊജക്റ്ററുകൾ പ്രൈമറി-അപ്പർ പ്രൈമറി സ്കൂളുകൾക്ക് ലഭ്യമാക്കേണ്ടതാണ്. ഇതിന്റെ വിശദാംശങ്ങൾ കൈറ്റ് പുറപ്പെടുവിക്കേണ്ടതാണ്.

8. വാറണ്ടി, എ.എം.സി. എന്നിവ നിലവിലുള്ള ഉപകരണങ്ങൾ യാതൊരു കാരണവശാലും ഹാർഡ്‌വെയർ ക്ലിനിക്കുകളിലേക്ക് കൊണ്ടുപോകുവാൻ പാടുള്ളതല്ല. ഇക്കാര്യം പ്രഥമാധ്യാപകർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

9. ഹൈടെക് പദ്ധതിയുടെ ഭാഗമായി ലാബുകളിൽ ഉപകരണങ്ങൾ പുതുതായി വിന്യസിക്കുന്നതിന് മുമ്പുതന്നെ ഹാർഡ്‌വെയർ ക്ലിനിക്കിലൂടെ തകരാറുള്ളവ പരിഹരിക്കാനായി ശ്രദ്ധിക്കേണ്ടതാണ്.

10. ഹായ് സ്കൂൾ കുട്ടിക്കൂട്ടത്തിലെ അംഗങ്ങൾ, വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിലെ ബന്ധപ്പെട്ട ഫാക്കൽറ്റികൾ, കുട്ടികൾ ഇടങ്ങിയവരുടെ സേവനം ഹാർഡ്‌വെയർ ക്ലിനിക്കുകളിൽ പ്രയോജനപ്പെടുത്താവുന്നതാണ്.

11. വിവിധ സ്ഥലങ്ങളിൽ ഹാർഡ്‌വെയർ ക്ലിനിക്കുകളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട മാർഗനിർദേശങ്ങൾ കൈറ്റ് അതാത് സമയങ്ങളിൽ നൽകേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ഡോ. ഉഷ ടൈറ്റസ്**
**പ്രിൻസിപ്പൽ സെക്രട്ടറി**

പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, HSE, തിരുവനന്തപുരം
ഡയറക്ടർ, VHSE, തിരുവനന്തപുരം
ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടർ, കൈറ്റ്, തിരുവനന്തപുരം
വെബ് & ന്യൂ മീഡിയ, ഐ & പിആർഡി, തിരുവനന്തപുരം (വെബ് സൈറ്റ് മുഖാന്തിരം പ്രസിദ്ധീകരിക്കുന്നതിന്)
എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും (ഡി.പി.ഐ മുഖാന്തിരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരളം, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.